പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1513 — 15.02.2016-ൽ മറുപടിക്ക്

## അർബൻ 2020 പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അർബൻ 2020 എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിയ്ക്കാനുദ്ദേശിക്കുന്നത് ; | (ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗര സഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത്ഫണ്ടും ലഭ്യമല്ലാത്ത നഗര സഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആറുകൾ) കാലേകൂട്ടി തയ്യാറാക്കാനും, പ്രസ്തുത ഡിപിആറുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരും മറ്റ് ഫണ്ടിങ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗര സഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) | പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പിയെയും , ഡിപി ആറുകൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡി പി ആറുകളുടെ അംഗീകാരത്തിനുമായി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡിപിആറുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് വിവിധ അടിസ്ഥാന സൗകര്യവികസന മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. ഈ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. നഗരസഭയും, കൺസൾട്ടൻസി ഏജൻസിയും, നോഡൽ ഏജൻസിയും തമ്മിലുള്ള ഒരു ത്രികക്ഷികരാർ ഒപ്പുവയ്ക്കുന്നമുറയ്ക്ക് മേൽപ്പറഞ്ഞ ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികൾ അംഗീകരിക്കുന്ന പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഡി പി ആറുകൾ തയ്യാറാക്കി നഗരസഭകൾക്കു നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ